പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 333

# 2010-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 333

# 2010-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

344/2010.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 333

# 2010-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് താഴെപ്പറയുന്ന ആവശ്യത്തിനായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 34-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 34-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, "സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്". എന്ന വാക്കുകൾക്കു പകരം താഴെപ്പറയുന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്, അതായത്:—

"സർക്കാരിന് വരും വർഷം മാർച്ച് 1-ാം തീയതിയിലോ അതിനു മുമ്പോ സമർപ്പിക്കേണ്ടതും അത് ലഭിച്ചാൽ ഉടൻതന്നെ സർക്കാർ, നിയമസഭ സമ്മേളനത്തിലാണെങ്കിൽ സഭയുടെ മേശപ്പുറത്തു വയ്പിക്കേണ്ടതും അത് സമ്മേളനത്തിലല്ലായെങ്കിൽ, അപ്രകാരം ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പിക്കേണ്ടതുമാണ്.".

3. 37-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 37-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വാർഷിക റിപ്പോർട്ടിന്റെ പ്രതികൾ വരും വർഷത്തിലെ സെപ്റ്റംബർ 15-ാം തീയതിയിലോ അതിനുമുമ്പോ സർക്കാരിന്

സമർപ്പിക്കേണ്ടതും അത് ലഭിച്ചാലുടൻതന്നെ സർക്കാർ, ആവശ്യമെന്നുകരുതുന്ന പ്രകാരമുള്ള അഭിപ്രായങ്ങളും നിരീക്ഷണങ്ങളും സഹിതം, നിയമസഭ സമ്മേളനത്തിലാണെങ്കിൽ സഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടതും അത് സമ്മേളനത്തിലല്ലായെങ്കിൽ, അപ്രകാരം ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പിക്കേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർവ്വകലാശാലകളുടെ വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള സമയപരിധി നിശ്ചയിക്കണമെന്ന് നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (1998-2001) അതിന്റെ 14-ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിലേക്കായി 2000-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ, പത്താം നിയമസഭയുടെ 232-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും പ്രസ്തുത നിയമസഭയുടെ കാലയളവിനുള്ളിൽ ആക്റ്റാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത ബിൽ കാലഹരണപ്പെടുകയുണ്ടായി. മേൽപ്പറഞ്ഞ നിർദ്ദേശം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ 2005-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ആക്റ്റ് (2005-ലെ 1) മൂലം ഭേദഗതി ചെയ്തു ഉൾപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഭേദഗതി നിർദ്ദേശം മറ്റു സർവ്വകലാശാല നിയമങ്ങളിൽക്കൂടി ഉൾപ്പെടുത്തി ആയത് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു. ആകയാൽ, 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും യഥാക്രമം മാർച്ച് 1, സെപ്റ്റംബർ 15 എന്നീ തീയതികൾക്കോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കുന്നതിനും അത് ലഭിച്ചാലുടൻതന്നെ സർക്കാർ സഭയുടെ മേശപ്പുറത്ത് വയ്പിക്കുന്നതിനും വേണ്ട വ്യവസ്ഥ ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ, നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു  ചെലവും ഉണ്ടാകുന്നതല്ല.

എം. എ. ബേബി

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് (1986-ലെ 31)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

34. വാർഷിക കണക്കുകൾ.—(1) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ സിൻഡിക്കേറ്റിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കുകയും, ആഡിറ്റിനായി സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(2) വാർഷിക കണക്കുകൾ, അവയുടെ ആഡിറ്റ് റിപ്പോർട്ട് സഹിതം സിൻഡിക്കേറ്റ്, പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങനെയുള്ള കണക്കുകളുടേയും ആഡിറ്റ് റിപ്പോർട്ടിന്റെയും പകർപ്പുകൾ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

** ** ** **

37. വാർഷിക റിപ്പോർട്ട്.—(1) ഓരോ സാമ്പത്തിക വർഷത്തേയും സംബന്ധിച്ച് സർക്കാർ നിർദ്ദേശിക്കുന്ന വിവരങ്ങളടങ്ങിയ സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് സിൻഡിക്കേറ്റ് തയ്യാറാക്കേണ്ടതും, അന്തിമതീരുമാനം എടുക്കുന്നതിനുമുമ്പായി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന തീയതിയിലോ അതിനുമുൻപോ അക്കാഡമിക് കൗൺസിലിന്റെ പുനഃപരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ടിന്റെയും വാർഷിക കണക്കുകളുടെയും പ്രതികൾ സർക്കാരിലയക്കേണ്ടതും, സർക്കാർ അവ സംസ്ഥാന നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതുമാണ്.

** ** ** **